**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5184** **21-03-2025 - ൽ മറുപടിയ്ക്ക്**

**റബ്ബർ ഇൻസെന്റീവ് സ്കീം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ ,<br>ശ്രീ. അൻവർ സാദത്ത് ,<br>ഡോ. മാത്യു കുഴൽനാടൻ,<br>ശ്രീ. ടി. ജെ. വിനോദ് | | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് റബ്ബർ ഇൻസെന്റീവ് സ്കീമിനായി ബജറ്റിൽ വകയിരുത്തിയ തുകയുടെ ഇരുപത് ശതമാനത്തിൽ താഴെ മാത്രമാണ് നിലവിലെ സ്ഥിതിയിൽ ചെലവഴിക്കേണ്ടി വരുന്നത് എന്നത് വസ്തുതയാണോ; എങ്കിൽ ഇതിന്റെ കാരണം വിശദമാക്കുമോ; | (എ) | റബ്ബറിന്റെ വിപണിവില സർക്കാർ പ്രഖ്യാപിച്ചിട്ടുള്ള താങ്ങുവിലയേക്കാൾ കുറവ് വരുമ്പോഴാണ് വിലവ്യത്യാസമായി വരുന്ന തുക ഇൻസെന്റീവ് ആയി കർഷകർക്ക് നൽകുന്നത്. റബ്ബറിന് പൊതുവിപണിയിൽ അപ്രതീക്ഷിതമായി വിലയിടിവ് ഉണ്ടായാൽ പരമാവധി കർഷകർക്ക് ആനുകൂല്യം നൽകുന്നതിന് വേണ്ടിയാണ് സാധ്യമായ പരമാവധി തുക ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ളത്. എന്നാൽ താങ്ങുവിലയേക്കാൾ വർദ്ധിച്ച നിരക്കിലാണ് മിക്കപ്പോഴും വിപണി വില വരാറുള്ളത്. ആയതിനാലാണ് ബഡ്ജറ്റിൽ വകയിരുത്തിയ തുകയും വിതരണം ചെയ്ത തുകയും തമ്മിൽ വലിയ അന്തരം ഉണ്ടാകുന്നത് . |
| (ബി) | റബ്ബറിന്റെ ഉല്പാദന ചെലവ് വർധിക്കുന്ന സാഹചര്യത്തിൽ റബ്ബർ ഇൻസെന്റീവ് സ്കീമിൽ നിന്നും കർഷകർക്ക് കൂടുതൽ തുക നൽകാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ? | (ബി) | റബ്ബറിന്റെ ഉല്പാദന ചെലവ് വർദ്ധിക്കുന്ന സാഹചര്യത്തിൽ റബ്ബർ ഇൻസെന്റീവ് സ്കീമിൽ നിന്ന് കൂടുതൽ തുക അനുവദിക്കണമെങ്കിലോ റബ്ബറിന്റെ താങ്ങുവില ഉയർത്തണമെങ്കിലോ കേന്ദ്ര സഹായം ആവശ്യമാണ്. താങ്ങുവില വർദ്ധിപ്പിക്കുന്നതിന് സംസ്ഥാന സർക്കാർ കേന്ദ്രസർക്കാരിനോട് സഹായം അഭ്യർത്ഥിച്ചിട്ടുണ്ടെങ്കിലും നാളിതുവരെ അനുകൂലമായ മറുപടിയൊന്നും ലഭിച്ചിട്ടില്ല . |

സെക്ഷൻ ഓഫീസർ